# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 13.11.2015

## അൺ – എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം:
# ഉത്തരവ് റദ്ദുചെയ്യണം
## കെ.എസ്.ടി.എ

പുതുതായി 87 അൺഎയ്ഡഡ് സ്കൂളുകൾക്കുകൂടി അംഗീകാരം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഉടൻ റദ്ദുചെയ്യണമെന്ന് കെഎസ്ടിഎ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല തകർക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ മുതലാളി മാരിൽ നിന്നും ലക്ഷങ്ങൾ കോഴ വാങ്ങിയാണ് ഈ സ്കൂളുകൾക്ക് അംഗീകാരം നൽകിയിരി ക്കുന്നത്. ഉത്തരവ് റദ്ദുചെയ്യണമെന്നും സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിൽ നടന്ന അഴിമതിയെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നുമാവശ്യപ്പെട്ട് ജില്ലാ-സബ്ജില്ലാ കേന്ദ്രങ്ങളിൽ കെഎസടിഎ നേതൃത്വത്തിൽ അധ്യാപകർ തിങ്കളാഴ്ച പ്രകടനം നടത്തും.

അഴിമതിയുടെ ചെളിക്കുഴിയിലമർന്ന യുഡിഎഫ് സർക്കാർ ത്രിതലപഞ്ചായത്ത് തെര ഞ്ഞെടുപ്പിൽ ലഭിച്ച തിരിച്ചടിയിൽ നിന്ന് ഇനിയും പാഠംപഠിപ്പിട്ടില്ല. സംസ്ഥാനത്ത് 5414 ഓളം സ്കൂളുകൾ കുട്ടികൾ കുറവാണെന്ന കാരണത്താൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ആയിരക്കണക്കിന് അധ്യാപകർ തസ്തികയില്ലാതെ പുറത്താവുന്നു. ഈ അവസരത്തിലും വിദ്യാഭ്യാസ നിയമത്തിന്റെ പേരുപറഞ്ഞ് ലക്ഷക്കണക്കിന് രൂപ കോഴവാങ്ങി വീണ്ടും അനധി കൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുകയാണ് സർക്കാർ ചെയ്യുന്നത്. നേരത്തെ 308 വിദ്യാലയങ്ങൾക്ക് ഈ സർക്കാർ തന്നെ അംഗീകാരം നൽകിയിരുന്നു. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖല പൂർണമായും കച്ചവടശക്തികൾക്ക് തീറെഴുതാനുള്ള നീക്കത്തിനെതിരെ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ അറിയിച്ചു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി